# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **3130** **22.06.2012**-ലെ മറുപടിക്ക്

### സി.എച്ച്. മുഹമ്മദ് കോയ ചാരിറ്റബിൾ സെന്റർ സമാഹരിക്കുന്ന തുകയുടെ വിനിയോഗം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ഡോ. കെ.ടി. ജലീൽ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>,, ആർ. രാജേഷ്<br>,, പുരുഷൻ കടലുണ്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്റർ എന്ന സ്ഥാപനത്തിന്റെ ഭാരവാഹികളുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ; | എ) **1)സി.എച്ച്.മെമ്മോറിയൽ ചാരിറ്റബിൾ സെന്റർ, പട്ടം, തിരുവനന്തപുരം.**<br>പ്രസിഡന്റ് - ശ്രീ.ഇ.റ്റി.മുഹമ്മദ് ബഷീർ എം.പി., സൗമ്യം, ചെറുവായൂർ.പി.ഒ., മലപ്പുറം.<br>ജനറൽ സെക്രട്ടറി - ശ്രീ.മുഹമ്മദ് ഷെമീം, പാലുകാരൻ പുരയിടം, കൊല്ലം.<br>ട്രഷറർ - ശ്രീ.എസ്.ബഷീർ കുഞ്ഞ്, മൗലാന, ചാലക്കുഴി റോഡ്, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം.<br>**2) സി.എച്ച്.മുഹമ്മദ് കോയ ചാരിറ്റബിൾ സെന്റർ, കോഴിക്കോട് .**<br>മുഖ്യരക്ഷാധികാരി :<br>ശ്രീ.സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ<br>പ്രസിഡന്റ് - ശ്രീ.കെ.പി.കോയ, കാരാട്ട് പറമ്പ് ഹൗസ്<br>സെക്രട്ടറി - ശ്രീ.എം.എ.റസാക്ക് മാസ്റ്റർ<br>മേൽവിലാസം:-<br>സി.എച്ച്.സെന്റർ,<br>പി.ഒ. മെഡിക്കൽ കോളേജ്,<br>കോഴിക്കോട് - 673 008. |

ബി) പ്രസ്തുത സ്ഥാപനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ;

ബി) ഉത്തരവുകൾ നൽകിയിട്ടുണ്ട്.

സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഫണ്ട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

സി) അനുബന്ധമായി ചേർക്കുന്നു.

ഡി) ഫണ്ട് നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

ഡി) സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്റർ മലബാർ മേഖലയിൽ നിന്നുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ജാതിമത ഭേദമെന്യേ കക്ഷി രാഷ്ട്രീയത്തിനതീതമായി ചികിത്സാ സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണെന്നും സൗജന്യ ഭക്ഷണ വിതരണം, മരുന്ന് വിതരണം, ആമ്പുലൻസ് സേവനം മുതലായ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്ററിന്റെ ഭാഗമായ ശിഹാബ്തങ്ങൾ ഡയാലിസിസ് സെന്റർ ധാരാളം വൃക്കരോഗികൾക്ക് ആശ്രയകേന്ദ്രമാണെന്നും അപേക്ഷയിൽ പറഞ്ഞിരുന്നതിന്റെ അടിസ്ഥാനത്തിലും

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്റർ എന്ന സ്ഥാപനം തിരുവനന്തപുരം റീജിയണൽ ക്യാൻസർ

| | | | |
|---|---|---|---|
| | | | സെന്ററിലെത്തുന്ന നിർദ്ധനരായ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും സൗജന്യ ഭക്ഷണം, താമസസൗകര്യം എന്നിവ ഒരുക്കുന്നതിന് തുക സംഭാവന ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ യുടെ അടിസ്ഥാനത്തിലാണ് സ.ഉ.(സാധാ.) നം.1044/2012/ ത.സ്വ.ഭ.വ. തീയതി: 02.04.2012 ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുള്ളത്. |
| ഇ) | ഇപ്രകാരം സമാഹരിക്കുന്ന തുക ചാരിറ്റബിൾ സെന്റർ എങ്ങിനെ വിനിയോഗിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; | ഇ) | സർക്കാർ പരിശോധിച്ചിട്ടില്ല. |
| എഫ്) | ഇത്തരത്തിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ ? | എഫ്) | സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ആ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി അവർ പ്രാവർത്തികമാക്കാൻ പോകുന്ന |

ക്ഷേമപ്രവൃത്തിയുടെ ഉദ്ദേശലക്ഷ്യങ്ങളും ആവശ്യകതയും ബോധ്യപ്പെടുത്തി സർക്കാരിന് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷയുടെ ആവശ്യകത കണക്കിലെടുത്ത് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ യഥേഷ്ടാനുമതി നൽകുന്ന നടപടിക്രമമാണ് നിലവിൽ സ്വീകരിച്ച്പോരുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

എ) തിരുവനന്തപുരം സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്ററിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതുവരെ ഫണ്ട് ലഭിച്ചിട്ടില്ലെന്ന് സെന്റർ അറിയിച്ചിട്ടുണ്ട്.

ബി) കോഴിക്കോട് സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്ററിന് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സംഭാവനയുടെ കണക്ക്. (സെന്റർ ലഭ്യമാക്കിയത്)

| | | |
|---|---|---|
| | **2008 - 2009** | |
| | **Malappuram** | |
| Parappoor | | 10,000-00 |
| Koottilangadi | ,, | 20,000-00 |
| Kalikavue | ,, | 5000-00 |
| Cherukavue | ,, | 20,000=00 |
| Nediyirupp | ,, | 10,000=00 |
| | **Kozhikode** | |
| Beypoor | ,, | 10,000-00 |
| | **2009 - 2010** | |
| | **Malappuram** | |
| Pookottoor | | 10,000-00 |
| Othukkungal | ,, | 10,000-00 |
| Edayoor | ,, | 20,000-00 |
| Thanoor | ,, | 20,000-00 |
| Pullikkal | ,, | 25,000-00 |
| Chelambra | ,, | 5000-00 |
| Peruvathoor | ,, | 10,000-00 |
| Karuva | ,, | 25,000-00 |
| Marakara | ,, | 5000-00 |
| | **Kozhikode** | |
| Thamarasseri | ,, | 15000-00 |
| | **2010-2011** | |
| | **Malappuram** | |
| Kizhisseri | | 15000-00 |
| Kodoor | ,, | 25000-00 |
| Mankada Block | ,, | 25000-00 |
| Cheekode | ,, | 20000=00 |
| Tiroorangadi Block | ,, | 15000-00 |
| Nilamboor Block | ,, | 15000-00 |
| Vettathoor Panchayath | ,, | 25000-00 |

| | | |
|---|---|---|
| Parappoor | ,, | 25000=00 |
| Kalpakancheri | ,, | 10,000=00 |
| Payyoli | ,, | 25000=00 |
| | **Kozhikode** | |
| Puthuppadi | ,, | 10,000=00 |
| Koodaranhi | ,, | 1000=00 |
| | **2011 – 2012** | |
| | **Kozhikode** | |
| Koduvally | ,, | 25000=00 |
| Chengottukave | ,, | 20000=00 |
| Kizhakkoth | ,, | 25000=00 |
| Thurayoor | ,, | 25000=00 |
| | **Malappuram** | |
| Vengara | | 30000=00 |
| Thiroorangadi | ,, | 25000=00 |
| Nilamboor Block | ,, | 10000=00 |
| Kuttipuram Block | ,, | 20,000=00 |
| Vallikkunnu | ,, | 30,000=00 |
| Thirunavaya | ,, | 25000=00 |
| Nilambur Muncipality | ,, | 10000=00 |
| Vengara Block | ,, | 25000=00 |
| Vettom | ,, | 5000=00 |
| Moothedam | ,, | 25000=00 |
| | **Wayanad** | |
| Meenangadi | ,, | 10000=00 |
| Pallikkunnnue | ,, | 5000=00 |
| Marakkara | ,, | 25000=00 |
| New Mahi | | 10000=00 |
| | **2012 – 2013** | |
| Kunnamangalam (Block) | **Kozhikode** | 50000=00 |
| Mavoor | ,, | 25000=00 |
| | **Malappuram** | |
| Oorakam | | 10000=00 |
| Mangalam | | 25000=00 |
| Chelembra | | 15000=00 |
| | **Wayand** | |
| Nenmeni | | 10000=00 |
| Batheri | | 50000=00 |

Section officer